തനത് സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കാം

കൊല്ലം: വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ റദ്ദായ ഉദ്യോഗാർഥികൾക്ക് നേരിട്ട് ഹാജരായോ ഓൺലൈനായോ (www.employment.kerala.gov.in) രജിസ്ട്രേഷൻ പുതുക്കാമെന്ന് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ അറിയിച്ചു. 1998 ജനുവരി ഒന്നു മുതൽ 2018 ഒക്ടോബർ 31 വരെ രജിസ്ട്രേഷൻ പുതുക്കാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർഥികൾക്ക് തനത് സീനിയോറിറ്റി നിലനിർത്തി പുതുക്കുന്നതിന് ഡിസംബർ 31 വരെയാണ് സമയം അനുവദിച്ചിട്ടുള്ളത്. 1998 ജനുവരി ഒന്നു മുതൽ 2018 ഒക്ടോബർ 31 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ നേരിട്ടോ ജോലി ലഭിച്ച് നിയമാനുസൃതം വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങി യഥാസമയം ചേർക്കാൻ കഴിയാത്തതിനാൽ സീനിയോറിറ്റി നഷ്ടമായവർക്കും ഈ അവസരം പ്രയോജനപ്പെടുത്താം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നിയമനം ലഭിച്ചിട്ടും വിവിധ കാരണങ്ങളാൽ ജോലിയിൽ പ്രവേശിക്കാൻ കഴിയാതെ നിയമനാധികാരി നൽകുന്ന നോൺ ജോയിനിംഗ് ഡ്യൂട്ടി സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കാത്തതിനാൽ സീനിയോറിറ്റി നഷ്ടമായവർക്കും അപേക്ഷ നൽകി പുനഃസ്ഥാപിക്കാവുന്നതാണ്.

കോർപ്പറേഷൻ യോഗം:

ഇടതു മുന്നണി പ്രതികാര നടപടി തുടർന്നാൽ പ്രക്ഷോഭം : യുഡിഎഫ്

കൊല്ലം : കോർപ്പറേഷൻ ഭരിക്കുന്ന ഇടതുമുന്നണി കൊടിയുടെ നിറം നോക്കി പ്രതികാര നടപടി തുടർന്നാൽ ശക്തമായ പ്രക്ഷോഭം നേരിടേണ്ടിവരുമെന്ന് യുഡിഎഫിന്റെ മുന്നറിയിപ്പ്.

കൗൺസിലിൽ ആരോപണം ഉന്നയിക്കുന്നവരെയും വിമർശിക്കുന്നവരെയും തിരഞ്ഞുപിടിച്ച് പദ്ധതിവിഹിതം വെട്ടിക്കുറക്കുകയും നിർമ്മാണ അനുമതി ലഭിച്ച പണികൾ മുടക്കുകയും ചെയ്യുന്ന പ്രവണത ഏറിവരുകയാണെന്ന് ചർച്ചയിൽ പങ്കെടുത്തു സംസാരിച്ച യുഡിഎഫിലെ അഡ്വ ഗോപകുമാർ ആരോപിച്ചു.

വിവിധ ഓഫീസുകളിൽ ജീവനക്കാരുടെ സാന്നിധ്യത്തിൽ കൗൺസിലർമാരെ താറടിക്കുകയും അനുവദിച്ച ഫണ്ട് പരസ്യപ്പെടുത്തുകയുമാണ്. ഇതിന് ബന്ധപ്പെട്ട ചെയർമാൻമാരുടെയും മേയറുടെയും ഒത്താശയുണ്ടെന്നും ഗോപകുമാർ ചൂണ്ടിക്കാട്ടി. കക്ഷി രാഷ്ട്രീയത്തിനതീതമായി നിലകൊള്ളേണ്ട മേയർ എല്ലാത്തിലും സംശയാതീതനാകണം. സാലറി ചലഞ്ചിന്റെ പേരിൽ ട്രാൻസ്ഫർ ചെയ്ത അക്കൗണ്ട്സ് വിഭാഗത്തിലെ വനിതാ ജീവനക്കാരെ തിരിച്ചുകൊണ്ടുവരണം. പക്ഷപാത സമീപനം പാടില്ല. ഗോപകുമാർ കടുത്ത ആരോപണങ്ങളാണ് ചർച്ചയിലുടനീളം അഴിച്ചുവിട്ടത്.

പ്രോജക്ടുകൾ കൗൺസിലിൽപോലും ചർച്ചചെയ്യാതെ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മുട്ടിൽവച്ച് എഴുതി മേയർ ഒപ്പിട്ട് നിർവ്വഹണം നടത്തുന്നത് ജനാധിപത്യ സംവിധാനത്തിന് വെല്ലുവിളിയാണ്. സത്താറിന്റെ കുടുംബസ്വത്തായി ഒന്നും കാണേണ്ട. ചെയർമാൻ സത്താർ താന്തോന്നിത്തരം തുടർന്നാൽ അതനുസരിച്ച് നിലപാട്കടുപ്പിക്കേണ്ടിവരുമെന്നും യൂണിയന്റെ ചട്ടുകമായി മേയർ അധപതിക്കരുതെന്നും ഗോപകുമാർ കൂട്ടിച്ചേർത്തു.

കോർപ്പറേഷനിലെ ഫയലിൽ ഉറങ്ങുന്ന പദ്ധതികൾ നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണം പരിശോധിക്കണമെന്ന് ചർച്ച തുടങ്ങിവച്ച ഡോ ഉദയാ സുകുമാർ ആവശ്യപ്പെട്ടു.നഗരഹൃദത്തിന് ലഭിക്കാവുന്ന സമഗ്രവികസനത്തിന്റെ മികച്ച പദ്ധതികളാണ് ഫയലിൽ ഉറങ്ങുന്നത്.

കോർപ്പറേഷനിൽ ബാക്കി എടുക്കാനുള്ള തല്ക്കാലിക ജീവനക്കാരെയും എത്രയും വേഗം എടുത്ത് നൂറ് ഒഴിവുകളും പൂർത്തിയാക്കണം. സാലറി ചലഞ്ചുമായി ബന്ധപ്പെട്ടുയർന്നിട്ടുള്ള നടപടികൾ നിർത്തിവെക്കണമെന്നും ഉദയ ആവശ്യപ്പെട്ടു.

കോർപ്പറേഷനിലെ പദ്ധതികളൊന്നും ജനങ്ങളിലെത്താത്ത സ്ഥിതിയാണ് നിലവിലുള്ളത്. ഹരിത ട്രിബ്യൂണലിൽ കോർപ്പറേഷനുവേണ്ടി വാദിച്ച വക്കീലൻമാർ സ്ഥാപിത താല്പര്യക്കാരുടെ പക്ഷത്താണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

സാലറിചലഞ്ചിൽ എടുത്ത നടപടി പിൻവലിക്കണം. പുനക്രമീകരിച്ച നികുതി ഈടാക്കുന്നതിന് അദാലത്ത് സംഘടിപ്പിക്കണമെന്നും യുഡിഎഫ് പാർലമെന്ററി പാർട്ടി നേതാവ് എ കെ ഹഫീസ് യോഗത്തിൽ ആവശ്യപ്പെട്ടു.

ടാറിട്ട റോഡുകളുടെ ശോച്യാവസ്ഥയെക്കുറിച്ച് ലൈലാകുമാരിയും മീനാകുമാരിയും, കോട്ടയത്ത് കടവ് റിസോർട്ടിൽ നടക്കുന്ന സാമൂഹ്യവിരുദ്ധ നടപടികളെക്കുറിച്ചും സിഡിഎസ് വൈസ് ചെയർപേഴ്സനെ നീക്കണമെന്ന് അജിത്ത്കുമാറും, കുടുംബ ശ്രീ രാഷ്ട്രീയവത്ക്കരിക്കുന്നതിനെതിരെ റീനാ സെബാസ്റ്റ്യനുംപരാതി ഉന്നയിച്ചു.

കക്കൂസ് മാലിന്യം പൊതുസ്ഥലങ്ങളിൽ വ്യാപകമായി നിക്ഷേപിക്കുന്നതായി പ്രം ഉഷാർ ആരോപിച്ചു.

ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച യുഡിഎഫിലെ കൗൺസിലർമാർ രണ്ടു മണിക്കൂർ നേരം ഭരണപക്ഷത്തിനെതിരെ വ്യാപകമായ വിമർശമാണ് അഴിച്ചുവിട്ടത്. ചില ഭരണപുക്ഷക്കാരും തെരുവ് വിളക്ക്, ഫണ്ട് വകയിരുത്തൽ, കുടുംബശ്രീ വിഷയങ്ങളിൽ പ്രതിപക്ഷത്തിനൊപ്പം നിന്നു. വാഹനദുരുപയോഗം സംബന്ധിച്ച് കർശന നിലപാട് സ്വീകരിക്കുമെന്നും ഏതെല്ലാം ഭരണപക്ഷാംഗങ്ങൾ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നുവെന്ന് വീഡിയോ എടുത്ത് പ്രദർപ്പിക്കുമെന്നുംയുഡിഎഫ് കൗൺസിലർമാർക്ക് പറയേണ്ടിവന്നു. അനധികൃതമായി സ്ഥലം മാറ്റിയ ഉദ്യോഗസ്ഥരെ തിരികെയെത്തിക്കണമെന്നും കോർപ്പറേഷനിലെ പ്രവർത്തനം സുതാര്യമാക്കി മുന്നോട്ടുപോയില്ലെങ്കിൽ ശക്തമായ പ്രക്ഷോഭം നേരിടേണ്ടി വരുമെന്നും യുഡിഎഫ് കൗൺസിലർമാർ മുന്നറിയിപ്പ് നൽകി.

മേയർ അഡ്വ രാജേന്ദ്രബാബു, ഡെ മേയർ വിജയാ ഫ്രാൻസീസ്, അഡി സെക്രട്ടറി, ഉദ്യോഗസ്ഥർതുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

ഭീതി വിതച്ച കാട്ടു കടന്നൽ കൂട് നശിപ്പിച്ചു; കുത്തേറ്റ വീട്ടമ്മയുടെ നില ഗുരുതരം

വടക്കൻ മൈനാഗപ്പള്ളി ഹരി ഭവനത്തിൽ രാധാകൃഷ്ണന്റെ വീട്ടുമുറ്റത്തെ പുളിമരത്തിൽ കാണപ്പെട്ട കാട്ടുകടന്നൽ കൂട്. പിന്നീട് നാട്ടുകാർ ഇത് തീവെച്ച് നശിപ്പിച്ചു

ശാസ്താംകോട്ട: മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിലെ വടക്കൻ മൈനാഗപ്പള്ളി മേഖലയിൽ കാട്ടു കടന്നലിന്റെ ആക്രമണം രൂക്ഷമാകുന്നു.ഹരി ഭവനത്തിൽ രാധാകൃഷ്ണന്റെ വീട്ടുമുറ്റത്തെ പുളിമരത്തിലാണ് ഏകദേശം 20 അടി ഉയരത്തിൽ ആക്രമണ സ്വഭാവമുള്ള കടന്നൽ കൂട് കൂട്ടിയിരിക്കുന്നത്.കഴിഞ്ഞ കുറെ നാളുകളായി നാട്ടിൽ ഭീതി വിതച്ച കടന്നൽ കൂട് നശിപ്പിക്കാൻ അധികൃതരെ സമീപിച്ചെങ്കിലും നടപടി ഉണ്ടായില്ല.കഴിഞ്ഞ ദിവസ്സം

റോഡിലൂടെ നടന്നുപോകുകയായിരുന്ന മുടീത്തറ പടീറ്റതിൽ ശാന്തമ്മ(58) യ്ക്കാണ് കടന്നൽ കുത്തേറ്റത്.ഇവരെ കൂട്ടമായി ആക്രമിക്കുകയായിരുന്നു. നിലവിളി കേട്ട് സമീപവാസികൾ ഓടിയെത്തിയെങ്കിലും ആർക്കും ഒന്നും ചെയ്യാൻ പറ്റാത്ത അവസ്ഥയായിരുന്നു.

പിന്നീട് യുവാക്കളുടെ നേതൃത്വത്തിൽ സാഹസികമായാണ് ഇവരെ രക്ഷപ്പെടുത്തിയത്.സാരമായി പരിക്കേറ്റ ശാന്തമ്മയെ കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിലെ തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിപ്പിച്ചു. ചികിത്സയിലാണ്.രാധാകൃഷ്ണന്റെ വീട്ടിൽ വളർത്തിയിരുന്ന തത്തയും പ്രാവുകളും കടന്നൽ കുത്തേറ്റ് ചത്തിട്ടുണ്ട്.പോലീസ്,ഫയർഫോഴ്സ്, ഫോറസ്റ്റ് അധികൃതരെ നാട്ടുകാർ വിവരം അറിയിച്ചെങ്കിലും പ്രദേശത്തേക്ക് തിരിഞ്ഞു നോക്കിയില്ലെന്ന് പരാതിയുണ്ട്.തുടർന്ന് രാത്രിയോടെ യൂത്ത് കോൺഗ്രസ് മണ്ഡലം വൈസ് പ്രസിഡന്റ് നാദിർഷ കാരൂർക്കടവിന്റെ നേതൃത്വത്തിൽ നാട്ടുകാർ കടന്നൽ കൂട് തീയിട്ട് നശിപ്പിച്ചു.

നടൻ ടി.പി. മാധവനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു

പത്തനാപുരം: നടനും താരസംഘടനയായ അമ്മയുടെ സ്ഥാപക സെക്രട്ടറിയുമായിരുന്ന ടി.പി. മാധവനെ വാർദ്ധക്യസഹജമായ അസുഖങ്ങളെത്തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

82 കാരനായ ഇദ്ദേഹത്തെ ബുധനാഴ്ച ഉച്ചയോടെ കൊട്ടാരക്കരയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ആരോഗ്യനില വഷളായതിനെ തുടർന്ന് തീവ്ര പരിചരണ വിഭാഗത്തിലേക്ക് മാറ്റുകയുമായിരുന്നു.

2016 മുതൽ പത്തനാപുരം ഗാന്ധിഭവൻ കുടുംബാംഗമാണ്.

പ്രഭാഷണ പരമ്പരയും സെമിനാറും സംഘടിപ്പിക്കും

കൊല്ലം: പുരോഗമന കവികളിൽ പ്രമുഖനായ പുനലൂർ ബാലന്റെ ആശയങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ പുനലൂർ ബാലൻ ഫൗണ്ടേഷൻ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രഭാഷണ പരമ്പരയും സെമിനാറും സംഘടിപ്പിക്കുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. പ്രഭാഷണ പരമ്പരയുടെ സംസ്ഥാനതല ഉദ്ഘാടനം 19ന് രാവിലെ 10ന് കൊല്ലം പൊലീസ് ക്ലബ് ഓഡിറ്റോറിയത്തിൽ ജസ്റ്റിസ് ബി. കമാൽ പാഷ നിർവഹിക്കും. പുനലൂർ ബാലന്റെ മക്കളായ അനിതാ ബാലൻ. സന്ധ്യാ ബാലൻ എന്നിവർ പങ്കെടുക്കും. ശ്രോതാക്കളുടെ സംശയങ്ങൾക്ക് കെമാൽ പാഷ മറുപടി നൽകും. വാർത്താസമ്മേളനത്തിൽ

ഫൗണ്ടേഷൻ പ്രസിഡന്റ് അഡ്വ. ഡി.സുരേഷ് കുമാർ, പ്രഫ. വി.ഹർഷകുമാർ,എ. റഷീദ്, ഷീലാ ജഗധരൻ എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

സൗജന്യ ഡയാലിസിസ് നടത്തും

കൊല്ലം: തെരഞ്ഞെടുത്ത നിർധനരായ 800 വൃക്കരോഗബാധിതർക്ക് സൗജന്യമായി ഡയാലിസിസ് നടത്താൻ ലയൺസ് ഡിസ്ട്രിക്ട് സൗകര്യമൊരുക്കുന്നു. അഞ്ചൽ സെന്റ് ജോസഫ് മിഷൻ ആശുപത്രിയിൽ 28 ലക്ഷം ചെലവിൽ അത്യാധുനിക ഡയാലിസിസ് സെന്റർ ഇന്നു രാവിലെ 8.30ന് മന്ത്രി കെ.രാജു സമർപ്പിക്കും. ഡയാലിസിസ് സെന്റർ ഉദ്ഘാടനം പത്തനംതിട്ട ബിഷപ് ഡോ. സാമുവൽ മാർ ഐറേനിയസ് നിർവഹിക്കും. പാറശ്ശാല മുതൽ ഹരിപ്പാട് വരെയുള്ള 126 ലയൺസ് ക്ലബ്ബുകൾ ഉൾപ്പെടുന്ന ലയൺസ് ഡിസ്ട്രിക്ട് 318 എ, എൽ.സി.ഐ.എഫിന്റെ സാമ്പത്തിക സഹായത്തോടെ അഞ്ച് ഡയാലിസിസ് യന്ത്രങ്ങളാണ് സ്ഥാപിക്കുന്നതെന്ന് ലയൺസ് ഡിസ്ട്രിക്ട് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ഉദ്ഘാടന ചടങ്ങിൽ ലയൺസ് ഡിസ്ട്രിക്ട് ഗവർണർ ജോൺ ജി. കൊട്ടറ അധ്യക്ഷനാകും. ലയൺസ് മുൻ ഇന്റർനാഷണൽ ഡയറക്ടർ ആർ. മുരുകൻ മുഖ്യ പ്രഭാഷണംനടത്തും. ലയൺസ് കേരള മൾട്ടിപ്പിൾ ചെയർമാൻ കെ. സുരേഷ് സൗജന്യ ഡയാലിസിസിന് അർഹരായ രോഗികളുടെ ആദ്യ ലിസ്റ്റ പ്രഖ്യാപിക്കും. ജനപ്രതിനിധികളും ലയൺസ് ഡിസ്ട്രിക്ട് ഭാരവാഹികളും അഞ്ചൽ സെന്റ് ജോസഫ് മിഷൻ ആശുപത്രി അധികൃതരും ഉൾപ്പെടുന്ന വിദഗ്ധ സമിതിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതെന്ന് ലയൺസ് ഡിസ്ട്രിക്ട്വൈസ് ഗർണർ വി. പരമേശ്വരൻ കുട്ടി, ജി. ഹരിഹരൻ, സിസ്റ്റസ് ലൂയിസ്, ഗോപാലകൃഷ്ണൻ എന്നിവർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

പൊഴിക്കര ചീപ്പിന്റെ ഷട്ടർ അടയ്ക്കണം: കോൺഗ്രസ് മയ്യനാട് മണ്ഡലം കമ്മിറ്റി

കൊട്ടിയം: മയ്യനാട് പഞ്ചായത്തിലെ ജലസ്രോതസുകളിൽ ജലനിരപ്പ് താഴുന്ന സാഹചര്യത്തിൽ പൊഴിക്കര ചീപ്പിന്റെ ഷട്ടർ അടിയന്തിരമായി അടയ്ക്കണമെന്ന് കോൺഗ്രസ് മയ്യനാട് മണ്ഡലം കമ്മിറ്റി ആവശ്യപ്പെട്ടു. കായൽ ജലം വൻതോതിൽ കടലിലേക്ക് ഒഴുകുന്നതിനാലാണ് കിണറുകളിൽ ഉൾപ്പെടെ അസാധാരണമാംവിധം ജലനിരപ്പ് താഴുന്നത്. വേനലെത്തും മുൻപ് തന്നെ പ്രദേശം കുടിവെള്ളക്ഷാമ ഭീഷണിയിലാണ്. മണ്ഡലം പ്രസിഡന്റ് പി.ലിസ്റ്റന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ഇരവിപുരം യു ഡി എഫ് വർക്കിംഗ് ചെയർമാൻ കെ.ബേബിസൺ ഉദ്ഘാടനം ചെയ്തു. ഡി.വി ഷിബു, ക്രിസ്റ്റി വിൽഫ്രഡ്, ഡെൻസിൽ ജോസഫ്, ലീന ലോറൻസ്, വിനോജ്, മയ്യനാട് സുനിൽ, മുക്കം ഫാസിൽ, സിദ്ധാർഥൻ, റാഫേൽ കുര്യൻ, മാഹീൻ, ശ്രീജ എന്നിവർ പ്രസംഗിച്ചു.

പരാതി പരിഹാര അദാലത്ത് ഇന്ന്

കൊല്ലം: ജില്ലാ കലക്ടറുടെ പരാതി പരിഹാര അദാലത്ത് സമാശ്വാസം ഇന്ന് രാവിലെ 10 മുതൽ പത്തനാപുരം താലൂക്ക് ഓഫീസിൽ നടക്കും. മുൻകൂട്ടി നൽകിയവയ്ക്കൊപ്പം പൊതുജനങ്ങൾക്ക് പുതിയ പരാതികളും നൽകാം.

നടൻ ജയന്റെ 38-ാമത് ചരമവാർഷികത്തിന്റെ ഭാഗമായി ഓലയിലെ ജയന്റെ പ്രതിമയിൽ മുൻ കൗൺസിലർ ഡി ഗീതാകൃഷ്ണന്റെ നേതൃത്വത്തിൽ പുഷ്പാർച്ചന നടത്തുന്നു.

ദേശീയപാതാ അലൈൻമെന്റിലെ അഴിമതി: അപാതക പരിഹരിക്കണമെന്ന് എൻ.എസ്.എസ്

കൊല്ലം: കരുനാഗപ്പള്ളിയിൽ ദേശീയപാതാ അലൈൻമെന്റിലെ അഴിമതി അന്വേഷിച്ച് അപാകത പരിഹരിക്കണമെന്ന് എൻ.എസ്.എസ് കരുനാഗപ്പള്ളി താലൂക്ക് യൂനിയൻ പ്രസിഡന്റ് എൻ.വി അയ്യപ്പൻപിള്ള വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു. സർക്കാരന്റെ പൊതു മാനദണ്ഡങ്ങളും ചട്ടങ്ങളും ലംഘിച്ച് കരുനാഗപ്പള്ളി പട്ടണത്തിലെ ഹൈസ്കൂൾ ജംഗ്ഷനിലും സമീപപ്രദേശത്തും ദേശീയപാതയുടെ പടിഞ്ഞാറുവശത്ത് നിന്ന് മാത്രം കൂടുതൽ സ്ഥലം ഏറ്റെടുക്കുന്ന നിലയിലാണ് മധ്യഭാഗം അടയാളപ്പെടുത്തിയിരിക്കുന്നത്. നിലവിലുള്ള 30 മീറ്റർ വീതിയിലുള്ള റോഡന്റെ മധ്യഭാഗത്തു നിന്നും ഇരുവശത്തേക്കും അളവ് നടത്തി തുല്യമായി സ്ഥലമെടുക്കുക എന്നതാണ് മാനദണ്ഡം. സർക്കാർ മാനദണ്ഡങ്ങൾ ലംഘിച്ച് പൊതുമുതൽ നഷ്ടപ്പെടുത്തി പക്ഷപാതപരമായി അലൈൻമെന്റ് തയാറാക്കിയതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വലിയ തോതിൽ അഴിമതി കാണിച്ചതായി സംശമുണ്ട്. ഇതിൽ യുക്തമായ അന്വേഷണം നടത്തണമെന്നും അയ്യപ്പൻപിള്ള പറഞ്ഞു. നിയമവിരുദ്ധമായി തയാറാക്കിയ അലൈൻമെന്റിൽ ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെട്ട് താലൂക്കിലെ 152 കരയോഗങ്ങളേയും പങ്കെടുപ്പിച്ച് എൻ.എസ്.എസ് യൂനിയൻ നേതൃത്വത്തിൽ അനിശ്ചിതകാല ധർണ നടത്തുകയാണ്. ആവശ്യം അംഗീകരിക്കാത്ത പക്ഷം കരയോഗങ്ങളിലെ എല്ലാ അംഗങ്ങളെയും ഉൾപ്പെടുത്തി സമര പരിപാടി കൂടുതൽ ഊർജ്ജിതപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു. വൈസ് പ്രസിഡന്റ് പ്ലാവേലിൽ എസ്. രാമകൃഷ്ണപിള്ള,സെക്രട്ടറി വി.ആർ. സുനിൽ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

ക്വിസ്, പോസ്റ്റർ രചനാ മത്സരങ്ങൾ ഇന്ന്

കൊല്ലം: ബാലാവകാശ വാരാചരണത്തിന്റെ ഭാഗമായി ജില്ലാ ശിശുസംരക്ഷണ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ടി.കെ.എം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ഇന്ന് പ്രദർശനവും വിദ്യാർഥികൾക്കായി മത്സരങ്ങളും നടത്തും. യുണൈറ്റഡ് നേഷൻസ് അക്കാദമിക് ഇംപാക്ടിന്റെ സഹകരണത്തോടെയാണ് പരിപാടികൾ സംഘടിപ്പിച്ചിരിക്കുന്നത്.

ക്വിസ്, പോസ്റ്റർ രചന എന്നീയിനങ്ങളിലാണ് മത്സരങ്ങൾ. രാവിലെ ഒൻപതിന് ജില്ലാ കളക്ടർ ഡോ. എസ്. കാർത്തികേയൻ ഉദ്ഘാടനം ചെയ്യും. നാളെ വൈകുന്നേരം നാലിന് നടക്കുന്ന ചടങ്ങിൽ നയതന്ത്ര വിദഗ്ധൻ ടി.പി. ശ്രീനിവാസൻ സമ്മാനദാനം നിർവഹിക്കും.

ക്വിസ് മത്സരത്തിൽ ഒരു സ്ഥാപനത്തിൽനിന്ന് രണ്ടു പേർ ഉൾപ്പെടുന്ന ഒരു ടീമിന് പങ്കെടുക്കാം.

ജയന്റെ ചരമവാർഷികം ആചരിച്ചു

കൊല്ലം: അനശ്വര നടൻ ജയന്റെ 38-ാമത് ചരമവാർഷിക നാടെങ്ങും സമുചിതമായി ആചരിച്ചു. ഓലയിൽ മെമ്മോറിയൽ ക്ലബിന്റെ ആഭിമുഖ്യത്തിൽ ജയന്റെ പ്രതിമയിൽ ഹാരാർപ്പണം നടത്തി. മുൻ കൗൺസിലർ ഡി.ഗീതാകൃഷ്ണൻ ഉദ്ഘാടനം നിർവഹിച്ചു. ഓലയിൽ ജി ബാബു, ജി ചന്ദ്രൻ, വിവേകാനന്ദൻ, സുന്ദരൻ, രതീഷ്, രഞ്ജിത്ത് എന്നിവർ നേതൃത്വം നൽകി. ജയന്റെ മരണ ദിവസമായ ഇന്ന് ക്ലബ് പരിസരത്ത് വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടെന്ന് അവർ അറിയിച്ചു.

കരുനാഗപ്പള്ളിയിൽ എക്സൈസ് റെയ്ഞ്ച് സംഘത്തിന്റെ വ്യാപക റെയ്ഡ്, മൂന്ന്പേർപിടിയിൽ

കരുനാഗപ്പള്ളി: കഴിഞ്ഞ ദിവസങ്ങളിൽ കരുനാഗപ്പള്ളി എക്സൈസ് റെയ്ഞ്ച് സംഘം നടത്തിയ വ്യാപക റെയ്ഡിൽ അനധികൃത മദ്യക്കച്ചവടത്തിന് കരുനാഗപ്പള്ളി റെയ്ഞ്ചിലെ നിരവധി അബ്കാരി കേസിൽ ഉൾപ്പെട്ടിട്ടുള്ള കുപ്രസിദ്ധ മദ്യക്കച്ചവടക്കാരായ പക്കി അശോകൻ എന്നറിയപ്പെടുന്ന ക്ലാപ്പന പ്രയാർ തെക്ക് അശോകഭവനത്തിൽ അശോകനെ(50) മഫ്തിയിലെത്തിയ എക്സൈസ് സംഘം മദ്യക്കച്ചവടത്തിനിടയിൽ കസ്റ്റഡിയിലെടുത്തു, റെയ്ഡിന് എത്തുന്ന ഉദ്യോഗസ്ഥരെ സ്ത്രീകളെ മറയാക്കി തടഞ്ഞാണ് പലപ്പോഴും ഇയാൾ രക്ഷപ്പെട്ടിരുന്നത്. ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയാൽ ഉണ്ടാകുന്ന ഭവിഷ്യത്ത് മനസ്സിലാക്കിയ സ്ത്രീകൾ ഇയാളുടെ സംരക്ഷണത്തിൽ നിന്ന് ഇത്തവണ പിൻമാറി

ഷാഡോ എക്സൈസ് സംഘം നടത്തിയ രഹസ്യ നീക്കത്തിൽ വേങ്ങറ അംബേദ്കർ ഗ്രാമത്തിലെ സ്ഥിരം കുറ്റവാളി സരസ്വതി ഭവനത്തിൽ സുഗതനെയും(55) അനധികൃത മദ്യക്കച്ചവടത്തിനിടയിൽ എക്സൈസ് സംഘം കസ്റ്റഡിയിലെടുത്തു. വികലാംഗരായ ബന്ധുക്കളെ മുൻനിർത്തിമിനി ബാറുപോലെ മദ്യക്കച്ചവടം നടത്തിയിരുന്ന പാവുമ്പ അമ്പിശ്ശേരിപടീറ്റതിൽ സതീഷിനെ(29) എക്സൈസ് സംഘം അനധികൃത മദ്യക്കച്ചവടത്തിനിടയിൽ അറസ്റ്റ് ചെയ്തത്. ഇയാൾക്ക് നിരവധി തവണ എക്സൈസ് മുന്നറിയിപ്പ് നൽകിയിരുന്നു. ഇയാളുംകൂട്ടാളികളും സ്വന്തം കാറിലും പെട്ടിഓട്ടോയിലും പോയിപന്തളത്തുനിന്നും കെയ്സ് കണക്കിന് മദ്യം വാങ്ങിയാണ് വിൽപ്പനനടത്തിയിരുന്നത്. മൂന്ന് പ്രതികളെയും റിമാൻഡ് ചെയ്തു.എക്സൈസ് റെയ്ഞ്ച്ഇൻസ്പെക്ടർ എ.ജോസ് പ്രതാപിന്റെ നേതൃത്തത്തിലുള്ള സംഘത്തിൽ പ്രിവന്റീവ് ഓഫീസർമാരായ എം.സുരേഷ്കുമാർ, എം.പി ശ്രീകുമാർ, ഐ.ബി ഉദ്യോഗസ്ഥരായ ദിലീപ്ചന്ദ്രൻ, ഷിഹാബ്, സിവിൽ എക്സൈസ് ഓഫീസർമാരായ വിജു, ശ്യാംകുമാർ, സജീവ്കുമാർ, ജിനു തങ്കച്ചൻ അഭിലാഷ് എന്നിവർ പങ്കെടുത്തു.

രണ്ടു കിലോ കഞ്ചാവുമായി കരുനാഗപ്പള്ളി സ്വദേശി പിടിയിൽ

കരുനാഗപ്പള്ളി: കരുനാഗപ്പള്ളി എക്സ്സൈസ് റേഞ്ച് ഇൻസ്പെക്ടർ എ. ജോസ് പ്രതാപിന്റെ നേതൃത്വത്തിലുള്ള എക്സ്സൈസ് സംഘം നടത്തിയ ഓപ്പറേഷനിൽ കരുനാഗപ്പള്ളി കല്ലേലി ഭാഗം പൊയ്കയിൽ തെക്കതിൽ വീട്ടിൽ ഷാജി എന്ന് വിളിക്കുന്ന നിസാമുദീനെ (42) രണ്ടു കിലോ കഞ്ചാവ്മായി മാരാരിത്തോട്ടം കുട്ടപ്പൻ മുക്കിനു സമിപത്തു നിന്ന് പിടികൂടി.

കുറച്ച്ദിവസങ്ങൾക്ക് മുൻപ് വികലാംഗനായ തമിഴനെ ഉപയോഗിച്ച് ഷാജി എന്ന് വിളിക്കുന്ന നിസാമുദീൻ വില്പനക്കായി 6 കിലോ കഞ്ചാവ് തമിഴ് നാട്ടിൽ നിന്ന് എത്തിച്ച് കിലോയ്ക്ക് 26000 രൂപയ്ക്ക് വീതം വില്പനയ്ക്കായി ഇയാൾ പലരെയും സമീപിക്കുന്നു വെന്ന രഹസ്യവിവരത്തെ തുടർന്ന് എക്സ്സൈസ് റേഞ്ച് ഇൻസ്പെക്ടർ എ. ജോസ് പ്രതാപിന്റെ നേതൃത്തത്തിലുള്ള എക്സ്സൈസ് സംഘം നിസാമുദീൻ മുൻപ് കഞ്ചാവ് നൽകിയിരുന്ന ആളെ കസ്റ്റഡിയിൽ എടുത്തു.

തുടർന്ന് ആവശ്യക്കാരൻ എന്ന വ്യാജെനെ ഇയാളെ കൊണ്ട് കഞ്ചാവ് ആവശ്യപെട്ടതിന്റെ അടിസ്ഥാനത്തിൽ 52000 രൂപയ്ക്ക് രണ്ടു കിലോ കഞ്ചാവ് വില്പനയ്ക്കായി കുട്ടപ്പൻ മുക്കിനു സമിപം ഇയാൾ എത്തുകയും കസ്റ്റഡിയിൽ എടുക്കുകയുമായിരുന്നു. മൊബൈലിൽ കൂടി ഇയാൾ പിടിയിൽ ആയ വിവരം കിട്ടിയ ഇയാളുടെ ഭാര്യ വീട്ടിൽ ഉണ്ടായിരുന്ന കൂട്ട് കച്ചവടക്കാരനായ തമിഴനെ ബാക്കി കഞ്ചാവ്മായി വീട്ടുകാർ രക്ഷപെടുത്തിയതായി ഇൻസ്പെക്ടർ പറഞ്ഞു. തമിഴ്നാട് സ്വദേശിയെയും ബാക്കി കഞ്ചാവിനായുള്ള അന്വേഷണം എക്സ്സൈസ് സംഘം ഊർജ്ജിതമാക്കി.

പ്രതിയെ ചോദ്യം ചെയ്തതതിൽ ബാക്കി കഞ്ചാവും തമിഴനും വീട്ടിൽ ഉണ്ടെന്ന് പ്രതി സമ്മതിച്ചിരുന്നു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്തു. എക്സ്സൈസ് റേഞ്ച് ഇൻസ്പെക്ടർ എ. ജോസ് പ്രതാപിന്റെ നേതൃത്വത്തിലുള്ള സംഘത്തിൽ പ്രിവന്റീവ് ഓഫീസർമാരായ എം. സുരേഷ്, എം പി. ശ്രീകുമാർ, ഷാഡോ ഉദ്യോഗസ്ഥർ ആയ വിജു, , സജീവ് കുമാർ, ശ്യാം കുമാർ, ജിനു തങ്കച്ചൻ, അഭിലാഷ്, പ്രസാദ്, എന്നിവരും ഉണ്ടായിരുന്നു.

അമ്പലമില്ലാത്ത ആൽത്തറയിൽ ഇനി 12 നാൾ ഭക്തിയുടെ നിറച്ചാർത്ത്

മങ്ങാട് സുബിൻ നാരായൺ

കൊല്ലം: ഓരോ മണൽത്തരിയും അരയാൽ ഇലകളും പ്രണവ മന്ത്രം ഓതുന്ന പുണ്യഭൂമിയാണ് ഓച്ചിറ. ഋഷഭ വീരൻമാർ ഭക്തജന സഹസ്രങ്ങളെ വരവേൽക്കുന്ന കേരളത്തിലെ ഏക പുണ്യസങ്കേതമാണ് പരബ്രഹ്മക്ഷേത്രം. ഭക്തിയുടെ നിറച്ചാർത്തായ ഈ ദക്ഷിണ കാശിയിൽ ഇന്നുമുതൽ 12 രാപകലുകൾ പരബ്രഹ്മസേവയുടെയും വ്രതപുണ്യത്തിന്റെയും നാളുകളാണ്. ഭക്തജന മനസ്സുകളിൽ ഭക്തിയുടെ കൊടിയേറ്റം നടക്കുന്ന സമ്മോഹന പുണ്യകാലം കൂടിയാണിത്. അയ്യപ്പഭക്തർ ഇരുമുടികെട്ടുമായി മലചവിട്ടുന്ന ശബരിമലയിൽ 41 ദിവസം നീണ്ടുനിൽക്കുന്ന മണ്ഡലകാലത്തിനും നാട്ടിലെ ക്ഷേത്രങ്ങളിലെല്ലാംതന്നെ വൃശ്ചിക ചിറപ്പ് മഹോത്സവത്തിനും ഇതോടൊപ്പം ഇന്ന് തുടക്കം കുറിക്കും. ഓച്ചിറ 12 വിളക്ക് മഹോത്സവം ഒരർത്ഥത്തിൽ ഓണാട്ടുകരയുടെ ദേശീയോത്സവം തന്നെയാണ്. ജാതിമതഭേദമന്യേ ഒരു ദേശത്തെ ജനതയുടെ ആത്മീയ ഉണർവ്വിന്റെയും സന്തോഷത്തിന്റെയും ഒരുമയുടെയും ദിനങ്ങളാണ് സംജാതമാകുന്നത്. ഒരു ആശ്രമ സംസ്കൃതിയുടെ തിരുശേഷിപ്പ്പോലെയുള്ള ശാന്തസുന്ദരമാണ് പരബ്രഹ്മഭൂമി. ഇവിടെ പർണ്ണശാലകളിലിരുന്ന് മനസ്സും ശരീരവും ഇഷ്ടദേവനായ പരബ്രഹ്മത്തിൽ അർപ്പിച്ച് 12-നാൾ ഭജനം ഇരുന്ന് മോക്ഷം നേടാനും പ്രണവസ്വരൂപനെകണ്ടു വണങ്ങാനും നാടെമ്പാടുനിന്നും ഇവിടേയ്ക്ക് പരബ്രഹ്മഭക്തരുടെ ഒഴുക്കായിരിക്കും.

മറ്റ് ക്ഷേത്ര സങ്കൽപ്പങ്ങളിൽനിന്നും തികച്ചും വിഭിന്നമാണ് ഓച്ചിറ. ഇവിടെ അമ്പലമില്ല, ശ്രീകോവിലില്ല, വിഗ്രഹമോ, പ്രതിഷ്ഠയോ, ചുറ്റമ്പലമോ, പൂജാരിയോ ഇല്ല. ഇതൊക്കെയുള്ളത് പരബ്രഹ്മസന്നിധിയിലെത്തുന്ന ഭക്തരുടെ മനസ്സിലും ഹൃദയത്തിലുംമാത്രം. ബ്രഹ്മാവും വിഷ്ണും ശിവനും ചേരുന്നതാണ് പരബ്രഹ്മ സങ്കല്പം. ഇതിന് പ്രത്യേകിച്ച് രൂപമില്ല. എന്നിരുന്നാലും പ്രധാനദേവനായി ഓംങ്കാര മൂർത്തിയായ ശിവനെ മനസ്സിൽ ധ്യാനിച്ച് ഓച്ചിറയിൽ എത്തുന്ന ഭക്തർ ശിവചൈതന്യം കുടികൊള്ളുന്ന ആൽത്തറയിൽ പ്രാർത്ഥന നടത്തുന്നത്. ഓച്ചിറയിലെത്തുന്ന പരബ്രഹ്മഭക്തർ കിഴക്കെ ആൽത്തറയിലും പടിഞ്ഞാറെ ആൽത്തറയിലും വലംവെച്ച് തൊഴുത ശേഷം ചന്ദ്രനലേപസുഗന്ധം വീശുന്ന ഒണ്ടികാവിലെത്തി കർപ്പുരാധന നടത്തി മടങ്ങുകയാണ് പതിവ്. ഒണ്ടികാവിൽ നിന്നും ഔഷധഗുണമുള്ള കറുത്ത ചെളിയാണ് ഭക്തർക്ക് പ്രസാദമായി ലഭിക്കുന്നത്. ഇത് ശരീരത്തിലും മറ്റും ലേപനം ചെയ്താൽ ത്വക്ക് രോഗം ഉൾപ്പടെയുള്ള മാറാരോഗങ്ങൾക്കുപോലും സിദ്ധൗഷധമത്രേ. ആൽ രൂപങ്ങൾ വഴിപാടി സമർപ്പിച്ച് നാമം ജപം നടത്തുന്ന സമ്പ്രദായം മിക്ക അമ്പലങ്ങളിലും ഉണ്ടെങ്കിലും ശരീരത്തിലെ അവയവങ്ങളായ കൈ, കാൽ, കണ്ണ്, ചെവി, മൂക്ക്, ഉദരം, തല, അരക്കെട്ട്, തുടങ്ങിയവയുടെ രൂപങ്ങൾ വഴിപാടായി സമർപ്പിച്ച് ആരാധന നടത്തുന്നത് ഓച്ചിറയിലെ മാത്രം സവിശേഷതയാണ്.

വേരിട്ട ദേവസ്ഥാനമായ ഓച്ചിറ ക്ഷേത്രത്തിന്റെ ഉൽപ്പത്തിയെ സംബന്ധിച്ച കഥകളിൽ പ്രബലമായ ഐതീഹ്യം അകവൂർ ചാത്തനുമായി ബന്ധപ്പെട്ടതാണ്. വിക്രമാദിത്യ രാജാവിന്റെ പണ്ഡിതസഭയിലെ ശ്രേഷ്ഠനായ വരരുചിക്ക് പറയിപെണ്ണായ പഞ്ചമിയിൽ ജനിച്ച 12 മക്കളിൽ പത്താമനാണ് അകവൂർ ചാത്തൻ, പരബ്രഹ്മം ചാത്തന് ദർശനം നൽകിയ സ്ഥലമാണുപ്പോലും ഒണ്ടിക്കാവ്. പറയിപെറ്റ പന്തിരുകുലവുമായി ബന്ധപ്പെട്ടാണ് ഭക്തർ ഇവിടെ 12 ദിവസം ഭജനം ഇരിക്കുന്നതത്രെ. വരരുചിയുടെ 12 മക്കളുടെ പേരിലാണ് ഓരോ ദിവസവും ഭജനം. ഓച്ചിറ ക്ഷേത്രത്തിൽ നാളുകളായി ക്ഷേത്ര ഭരണസമിതി മുടങ്ങാതെ നിത്യവും നടത്തുന്ന അന്നദാനം അഗതികൾക്കും ആലംബഹീനർക്കും ആശ്രയമായി മാറിയിട്ടുണ്ട്. ഇക്കുറി ഭക്തർക്ക് ഭജനം പാർക്കാൻ പടനിലത്ത് ആയിരത്തോളം കുടിലുകൾ ഒരുക്കിയിട്ടുണ്ട്. ഇന്ന് പുലർച്ചെ ആൽത്തറകളിൽ ശംഖൊലിമുഴങ്ങവേ ബ്രഹ്മമുഹൂർത്തത്തിൽ ഭക്തർ ആൽത്തറകളിലെ വിളക്കുകളിൽ നിന്നും ദീപം പകർന്ന് ഭജനകുടിലുകളിൽ വിളക്ക് തെളിയിച്ച് ഭജനം പാർക്കൽ ആരംഭിക്കും. ഒരുനിയോഗം പോലെ മുൻ മിൽമാ ചെയർമാനും മുൻ എം എൽ എ യും തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റുമായ പ്രയാർ ഗോപാലകൃഷണൻ ഇവിടെ ശനിയാഴ്ച വെളുപ്പിനെ തന്നെ ഭജനം പാർക്കൽ ആരംഭിക്കും. പ്രയാറിന് പരബ്രഹ്മ ഭജനയുടെ 39-ാം വാർഷികമാണിത്. പന്ത്രണ്ട് വിളക്ക് മഹോത്സവത്തിന് മുന്നോടിയായി ഇന്ന് രാവിലെ 6.30 ന് ഓച്ചിറ ഭരണസമിതി പ്രസിഡന്റ് പ്രൊഫ. എ ശ്രീധരൻപിള്ള പതാക ഉയർത്തും. വൈകിട്ട് 3 ന് ഹൈക്കോടതി ജസ്റ്റിസ് ദേവൻരാമചന്ദ്രൻ ദീപം തെളിയിക്കുന്നതോടെ വൃശ്ചികോത്സവം ആരംഭിക്കും. 28 ന് വൈകിട്ട് 3 ന് പന്ത്രണ്ട് വിളക്ക് മഹോത്സവസമാപന സമ്മേളനം മുൻ പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവ് റ്റി കെ എ നായർ ഉദ്ഘാടനം ചെയ്യും. ഓച്ചിറ വൃശ്ചികോത്സവത്തോടനുബന്ധിച്ച് പടനിലം പോലീസിന്റെ ശക്തമായ നിരീക്ഷണ ക്യാമറാ വലയത്തിലായിരിക്കും. ഇവിടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന പോലീസ് കൺട്രോൾ റൂം തുറന്നിട്ടുണ്ട്.